**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1531 16/03/2015-ൽ മറുപടി നല്കേണ്ടിയിരുന്നത്

## കാർഷിക പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.രാധാകൃഷ്ണൻ** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) കാർഷിക പദ്ധതികൾക്കായി ഈ വർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുകയും ഇതേവരെ അനുവദിച്ച തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കാമോ; | എ) കാർഷിക പദ്ധതികൾക്കായി 2014-15 സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയ തുക 1084.1517 കോടി രൂപ.<br>28.02.2015 വരെ അനുവദിച്ച തുക : 759.5857 കോടി രൂപ<br>28.02.2015 വരെ ചെലവഴിച്ച തുക : 646.1227 കോടി രൂപ |
| ബി) വകയിരുത്തിയ തുകയുടെ വിനിയോഗത്തിൽ കുറവു വരാനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ; | ബി) സംസ്ഥാനത്ത് പൊതുവെയുണ്ടായ സാമ്പത്തിക ഞെരുക്കത്തിന്റെ ഭാഗമായി ട്രഷറികളിൽ ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾമൂലവും നടപ്പ് സാമ്പത്തിക വർഷത്തിലെ ആദ്യപാദത്തിൽ നടന്ന ലോകസഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ചുള്ള പെരുമാറ്റച്ചട്ടവും പദ്ധതികൾ ആരംഭിക്കുന്നത് വൈകിച്ചിട്ടുണ്ട്. |
| സി) സാമ്പത്തിക വർഷം അവസാനിക്കുവാൻ ദിവസങ്ങൾമാത്രം | സി) പദ്ധതികൾ ഭൂരിപക്ഷവും ഭൗതികനേട്ടം കൈവരിച്ചവയാണ്. സാമ്പത്തിക വർഷത്തിലെ |

| | |
|---|---|
| അവശേഷിക്കുന്ന സാഹചര്യത്തിൽ ആവിഷ്ക്കരിച്ച പദ്ധതികൾ എങ്ങനെ പൂർത്തീകരിക്കുമെന്നു വ്യക്തമാക്കാമോ? | ഇനിയുള്ള ദിവസങ്ങളിൽ ട്രഷറി നിയന്ത്രണത്തിൽ അയവ് ഉണ്ടാവുന്ന പക്ഷം ഈ പദ്ധതികളുടെ സാമ്പത്തിക ലക്ഷ്യവും പൂർണ്ണമായി കൈവരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**